# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) ജമ്മു കാശ്മീരിലെ പഹൽഗാമിൽ വിനോദ സഞ്ചാരികൾക്ക് നേരെയുണ്ടായ ഭീകരാക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി.

One tourist was killed in a terrorist attack in Pahalgam, Jammu and Kashmir. Prime Minister Narendra Modi expressed grief over the incident.

2.) രണ്ട് ദിവസത്തെ സന്ദർശനത്തിനായി സൗദി അറേബ്യയിലെത്തിയ പ്രധാനമന്ത്രിയ്ക്ക് ജിദ്ദയിൽ ഊഷ്മള വരവേൽപ്പ്.

The Prime Minister, who arrived in Saudi Arabia on a two-day visit, was given a warm welcome in Jeddah.

3.) പാർലമെന്റിന് മുകളിൽ ഒരു അധികാര കേന്ദ്രവുമില്ലെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

Parliament is supreme, said Vice President Jagdeep Dhankhar.

4.) ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് അന്ത്യാഞ്ജലി അർപ്പിച്ച് ലോകം. റോമിൽ സംസ്കാര ചടങ്ങുകൾ ശനിയാഴ്ച്ച നടക്കും.

The world pays its last respects to Pope Francis. The funeral will be held in Rome on Saturday.

5.) സിവിൽ സർവീസ് പരീക്ഷ ഫലം പ്രഖ്യാപിച്ചു. യു പി സ്വദേശി ശക്തി ദുബെക്ക് ഒന്നാം റാങ്ക്.

UPSC Civil Services Exam results declared. UP native Shakti Dubey ranks first.

6.) രാജ്യത്തെ കടുത്ത ഉഷ്ണതരംഗ സാഹചര്യം മുൻനിർത്തി അടിയന്തര നടപടികൾ സ്വീകരിക്കാൻ കേന്ദ്ര നിർദ്ദേശം.

The center has instructed to take urgent measures in view of the severe heat wave situation in the country.

*******************************

## J AND K TERRORISTS ATTACK

ജമ്മു കശ്മീരിലെ പഹൽഗാമിൽ ഭീകരാക്രമണം. ആക്രമണത്തിൽ ഒരു വിനോദ സഞ്ചാരി കൊല്ലപ്പെട്ടു. 12 ഓളം പേർക്ക് പരിക്കേറ്റു. വിനോദസഞ്ചാരികളുടെ സംഘത്തിന് നേരെയാണ് ആക്രമണം ഉണ്ടായത്. ശ്രീനഗറിൽ നിന്ന് 85 കിലോമീറ്റർ അകലെ ബൈസരൻ വനമേഖലയിലാണ് ആക്രമണം നടന്നത്. പ്രദേശത്ത് തിരച്ചിൽ വ്യാപകമാക്കിയിട്ടുണ്ട്.

*******************************

## PM-J AND K

പഹൽഗാം ഭീകരാക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അപലപിച്ചു. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുമെന്ന് അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. ഭീകരതയ്ക്കെതിരെയുള്ള രാജ്യത്തിന്റെ പോരാട്ടം അചഞ്ചലമാണെന്നും കൂടുതൽ ശക്തിയോടെ മുന്നോട്ട് പോകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. പഹൽഗാമിലെ

സ്ഥിതിഗതികൾ സംബന്ധിച്ച് പ്രധാനമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി ടെലഫോണിൽ സംസാരിച്ചു. ഉചിതമായ എല്ലാ നടപടികളും സ്വീകരിക്കാനും സ്ഥലം സന്ദർശിക്കാനും പ്രധാനമന്ത്രി, അദ്ദേഹത്തിന് നിർദേശം നൽകി. അടിയന്തര സുരക്ഷാ അവലോകന യോഗം നടത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീനഗറിലേക്ക് പോകുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി.

*******************************

## PM-JEDDAH VISIT

രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി സൗദി അറേബ്യയിലെത്തി. ജിദ്ദ വിമാനത്താവളത്തിൽ പ്രധാനമന്ത്രിക്ക് ഊഷ്മളവും ആചാരപരവുമായ വരവേൽപ്പ് നൽകി. സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. സൗദിയുമായുള്ള സുദീർഘവും ചരിത്രപരവുമായ ബന്ധത്തിന് ഇന്ത്യ ഏറെ പ്രാധാന്യം നൽകുന്നതായി യാത്രയ്ക്ക് മുന്നോടിയായുള്ള പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. സന്ദർശനത്തിൽ സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും . ഇരു രാജ്യങ്ങൾക്കുമിടയിലെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ചയാകും. സാമ്പത്തിക പ്രതിരോധ മേഖലയിലെ സഹകരണവുമായി ബന്ധപ്പെട്ട് വിവിധ കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവെയ്ക്കും.

*******************************

## EVE. VP-CONSTITUTION… INTRO

പാർലമെന്റ് പരമോന്നതമാണെന്നും പാർലമെന്റിന് മുകളിൽ ഒരു അധികാരവും ഭരണഘടന വിഭാവനം ചെയ്യുന്നില്ലെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ഡൽഹി സർവകലാശാലയിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ ഓരോ വ്യക്തിയേയും പോലെ പാർലമെന്റ് പരമോന്നതമാണെന്നും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണ് ഭരണഘടന എന്തായിരിക്കണമെന്നതിന്റെ ആത്യന്തിക ചുമതലക്കാരെന്നും ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി.

(വോയ്സ്)

പൗരൻമാർ അവരുടെ ആവിഷ്കാരങ്ങളും ആഗ്രഹങ്ങളും പ്രതിഫലിപ്പിക്കുന്നതിനാണ് ഭരണഘടന പ്രകാരം തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുത്തിരിക്കുന്നതെന്നും ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി.

******************************

## REV. POPE-CARDINAL MEET

കാലം ചെയ്ത ആഗോള കത്തോലിക്കാ സഭാ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാരം ശനിയാഴ്ച നടക്കും. റോമിലെ Basilica of Saint Mary Major -ലായിരിക്കും സംസ്കാരമെന്ന് വത്തിക്കാൻ അറിയിച്ചു. ലോക നേതാക്കളും വിദേശപ്രതിനിധികളും ചടങ്ങിന് സാക്ഷ്യം വഹിക്കും. സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ നാളെ മുതൽ പൊതുദർശനം ആരംഭിക്കാൻ കർദിനാൾമാരുടെ യോഗം തീരുമാനിച്ചു. ഫ്രാൻസിസ് മാർപ്പാപ്പയോടുള്ള ആദരസൂചകമായി ഇന്ത്യയിൽ മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്നും നാളെയും, സംസ്കാര ദിവസവുമാണ് ദുഃഖാചരണം. രാജ്യത്തുടനീളം ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും, ഔദ്യോഗിക പരിപാടികളും ഉണ്ടായിരിക്കില്ല.

******************************

## SC-KERALA PETITION

ബില്ലുകൾ അംഗീകരിക്കുന്നതിലെ കാലതാമസം സംബന്ധിച്ച് ഗവർണർക്കെതിരെ കേരളം നൽകിയ ഹർജി അടുത്തമാസം ആറിന് സുപ്രീംകോടതി പരിഗണിക്കും. തമിഴ്നാട് സർക്കാരിൻറെ

ഹർജിയിൽ, ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർക്ക് സമയപരിധി നിശ്ചയിച്ച സുപ്രീംകോടതി ഉത്തരവ് കേരളത്തിനും ബാധകമാണെന്ന് സംസ്ഥാനത്തിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കെ കെ വേണുഗോപാൽ വാദിച്ചു. എന്നാൽ കേരളത്തിന്റെ ഹർജി വ്യത്യസ്തമാണെന്ന് കേന്ദ്രത്തിനു വേണ്ടി ഹാജരായ അറ്റോർണി ജനറൽ ആർ. വെങ്കിട്ട രമണി, സോളിസിറ്റർ ജനറൽ തുഷാർ മേത്ത എന്നിവർ വ്യക്തമാക്കി .

******************************

## CENTRE – HEATWAVE ADVISORY

രാജ്യത്ത് കടുത്ത ഉഷ്ണതരംഗ സാഹചര്യം മുന്നിൽക്കണ്ട് അടിയന്തര നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. ജാഗ്രത തുടരണമെന്നും ഏകോപിതമായ പ്രവർത്തനങ്ങൾ നടത്തണമെന്നും തൊഴിൽ മന്ത്രാലയം പുറത്തിറക്കിയ മാർഗ്ഗനിർദേശങ്ങളിൽ സൂചിപ്പിക്കുന്നു. ഇതുസംബന്ധിച്ച് എല്ലാ ചീഫ് സെക്രട്ടറിമാർക്കും സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും അഡ്മിനിസ്ട്രേറ്റർമാർക്കും കത്ത് നൽകിയതായും കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ പറഞ്ഞു. .

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

******************************

## UPSC RESULTS

2024 ലെ UPSC സിവിൽ സർവീസ് പരീക്ഷ ഫലം പ്രഖ്യാപിച്ചു. യു പി സ്വദേശി ശക്തി ദുബെക്ക് ഒന്നാം റാങ്ക് . ഹർഷിത പരാഗ് രണ്ടാം

റാങ്കും, ഡി എ പരാഗ് മൂന്നാം റാങ്കും നേടി. ആകെ 1,009 പേരുടെ റാങ്ക് പട്ടികയാണ് പ്രസിദ്ധീകരിച്ചത്.

*******************************

## HYDERABAD-JITENDRA SINGH

സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ ആണവ മേഖലയിൽ നിക്ഷേപത്തിനുള്ള സാഹചര്യം ഈ വർഷം തുറക്കുമെന്ന് കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ഹൈദരാബാദിൽ ആദ്യത്തെ സി എസ്ഐ ആർ സ്റ്റാർട്ടപ്പ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാധാരണക്കാർക്ക് പ്രയോജനകരമാകുന്ന തരത്തിൽ ഗവേഷണ ഫലങ്ങൾ എത്തിക്കുന്നതിന് സമഗ്രമായ സമീപനം വേണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

*******************************

## JPC - ONE NATION ONE ELECTION.. ( INTRO)

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച സംയുക്ത പാർലമെൻററി സമിതി യോഗം പാർലമെൻറ് ഹൗസിൽ ചേർന്നു. ഒരു രാജ്യം ഒരു തിരഞ്ഞടുപ്പ് രാജ്യ താല്പര്യത്തിൽ അധിഷ്ഠിതമാണെന്നും സാമ്പത്തിക മേഖലയ്ക്ക് അത് ഗുണം ചെയ്യുമെന്നും ജെപിസി അധ്യക്ഷൻ പി പി ചൗധരി ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(VOICE)

39 അംഗ സംയുക്ത പാർലമെൻററി കമ്മിറ്റിയിൽ 27 പേർ ലോക്സഭയിൽ നിന്നും 12 പേർ രാജ്യസഭയിൽ നിന്നുമാണ്. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് ഹേമന്ത് ഗുപ്ത, മുൻ ജഡ്ജിയും 21-ാമത് നിയമ കമ്മിഷൻ ചെയർമാനുമായ ഡോ. ബി എസ് ചൗഹാൻ എന്നിവരുമായി സമിതി ഇന്ന് സംവദിക്കും.

*******************************

## ASI- MEETING

Central Advisory Board of Archaeologyയുടെ 38-ാമത് യോഗത്തിന് ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ നാളെ ആതിഥേയത്വം വഹിക്കും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് യോഗം. മുൻ യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ, Advisory Board ലെ അംഗങ്ങളുടെ നിർദേശം തുടങ്ങിയവ ചർച്ചാ വിഷയമാകും.

*****************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് - ഡൽഹി ക്യാപിറ്റൽസ് പോരാട്ടം. ടോസ് നേടിയ ഡൽഹി ക്യാപിറ്റൽസ് ബോളിംഗ് തിരഞ്ഞെടുത്തു. ലഖ്നൌവിലാണ് മത്സരം.

*****************************

## WAVES - KANNUR

മെയ് ഒന്നിന് മുംബൈയിൽ ആരംഭിക്കുന്ന വേവ്സ് 2025 ഉച്ചകോടിയോട് അനുബന്ധിച്ച് നടക്കുന്ന ആനിമേഷൻ ഫിലിം മെയ്ക്കേഴ്സ് മത്സരത്തിൽ കാസർഗോഡ് പിലിക്കോട് സ്വദേശി നന്ദൻറെ 'ഡ്രീം ബലൂൺ' എന്ന പ്രോജക്ട് ഫൈനൽ റൗണ്ടിലെത്തി. 9 മാസത്തെ റിവ്യൂവിന് ശേഷമാണ് ചിത്രം തെരഞ്ഞെടുക്കപ്പെട്ടത്.

*****************************

## KAILASH- MANSAROVAR YATRA RESUME

കോവിഡ് മഹാമാരിയെ തുടർന്ന് നിർത്തിവെച്ച കൈലാസ് മാനസ സരോവർ യാത്ര നാലു വർഷങ്ങൾക്ക് ശേഷം ഈ മാസം 30ന് പുനരാരംഭിക്കും. ഉത്തരാഖണ്ഡിലൂടെയാണ് തീർത്ഥയാത്ര. ഉത്തരാഖണ്ഡ് സർക്കാരിൻറയും വിദേശകാര്യ

മന്ത്രാലയത്തിൻറെയും സഹകരണത്തോടെയാണ് യാത്ര സംഘടിപ്പിക്കുന്നത്. 22 ദിവസത്തെ യാത്രയിൽ 250 തീർത്ഥാടകരാണ് പങ്കെടുക്കുന്നത്.

*******************************

## REV. MP ACCIDENT

മധ്യപ്രദേശിൽ വാഹനാപകടത്തിൽ ഒരു കുടുംബത്തിലെ 8 പേർ മരിച്ചു. മരിച്ചവരിൽ 5 സ്ത്രീകളും മൂന്ന് കുട്ടികളും ഉൾപ്പെടുന്നു. വാഹനത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ട് കുഴിയിലേക്ക് വീഴുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ 5 പേർ ചികിത്സയിലാണ്.

*******************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 187 പോയിൻറ് നേട്ടത്തിൽ 79,596 ലും, നിഫ്റ്റി 42 പോയിൻറ് നേട്ടത്തിൽ 24,167 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവിലയിൽ ഇന്നും കുതിപ്പ്. ഗ്രാമിന് 275 രൂപ കൂടി 9,290 രൂപയും പവന് 2,200 രൂപ കൂടി 74,320 രൂപയുമാണ് ഇന്നത്തെ വില.

*******************************

## RAMBAN UPDATE – JITENDRA SINGH

പ്രളയം കനത്ത നാശം വിതച്ച ജമ്മു കശ്മീരിലെ റംബാൻ ജില്ലയിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു. വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്ന നടപടികൾ തുടരുകയാണ്. പ്രദേശത്തെ 1,486 ട്രാൻസ്ഫോർമറുകൾ പുനഃസ്ഥാപിച്ചു. നാളെയോടെ ദേശീയപാതയിലൂടെയുള്ള ഗതാഗതം ഭാഗികമായി പുനഃസ്ഥാപിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ് അറിയിച്ചു.

*****************************

## BIS– INTERNSHIP

സ്റ്റാൻഡേഡൈസേഷൻ മേഖലയിലെ സ്ഥാപനങ്ങളിൽ 500 വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അവസരം ഒരുക്കുമെന്ന് Bureau of Indian Standards - BIS. കേന്ദ്ര സർക്കാരിന് കീഴിലുള്ള ദേശീയ ഗുണനിലവാര സംഘടനയാണ് ബി ഐ എസ്. 4 വർഷത്തെ ഡിഗ്രി കോഴ്സുകൾ, 5 വർഷത്തെ ഇന്റഗ്രേറ്റഡ് ഡിഗ്രി കോഴ്സുകൾ, ബിരുദാനന്തര ബിരുദം, ഡിപ്ലോമ എന്നിവയിലെ വിദ്യാർത്ഥികൾക്കാണ് ഇന്റേൺഷിപ്പ് നൽകുന്നതെന്ന് ഉപഭോക്തൃ കാര്യ മന്ത്രാലയം അറിയിച്ചു.

****************************************************************************